**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2853 — 14.02.2013 ൽ മറുപടിക്ക്

**വിനോദ സഞ്ചാരമേഖലയിലെ മുരടിപ്പ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ എം.ആരിഫ് | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാന വിനോദ സഞ്ചാര മേഖലയിലെ മുരടിപ്പ് ഗൗരവമായി കാണുന്നുണ്ടോ; | എ) & ബി) & സി) | സംസ്ഥാന വിനോദ സഞ്ചാര മേഖലയിൽ മുരടിപ്പ് അനുഭവപ്പെടുന്നില്ല. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ സഞ്ചാരികളുടെ കേരളത്തിലേക്കുള്ള വരവ് സംബന്ധിച്ചുള്ള കണക്ക് പരിശോധിക്കുമ്പോൾ സഞ്ചാരികളുടെ വരവിൽ കുറവുണ്ടായതായി കാണുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിരവധി നൂതന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. സീപ്ളെയിൻ പ്രൊജക്ട് അതിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ വിദേശത്തും സ്വദേശത്തുമായി നിരവധി വർക്ക് ഷോപ്പുകളും ട്രേഡ് ഷോകളും ടൂറിസം വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ആയുർവേദ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജർമ്മനിയിൽ വിവിധ വിപണന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. സ്വദേശി വിനോദ സഞ്ചാരികളെ ആയുർവേദ ടൂറിസത്തിലേക്ക് ആകർഷിക്കുന്നതിലേക്കായി ' കേരള-ഹോം ഓഫ് ആയുർവേദ' എന്ന പേരിൽ ഒരു വിപണന പ്രചരണ പരിപാടിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ പരസ്യ പ്രചരണത്തിന്റെ ഭാഗമായി വിവിധ അച്ചടി ദൃശ്യ ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും പരസ്യ പ്രചരണ പരിപാടികൾ നടത്തി വരുന്നുമുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര വികസനത്തിനായി നൂതന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയാതിരുന്നതാണ് പ്രസ്തുത മേഖലയിലെ മുരടിപ്പിന് കാരണമായതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; | | |
| സി) കഴിഞ്ഞ രണ്ടു സീസണുകളിലും തിരിച്ചടിയേറ്റ സാഹചര്യത്തിൽ കാലാനുസൃതമായ പദ്ധതികൾ നടപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ